## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ - ജീവനക്കാര്യം - ശ്രീമതി. ജീന. എം, ജൂനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, തിരുവനന്തപുരം, എന്നവരെ 31.12.2020 വരെയുള്ള കാലയളവിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന : 1. ഇ. എസ്2-576/2021/ആ.വ.ഡ, തീയതി. 08.02.2021
2 ഇ.ഡി1-09/2019/ആ.വ.ഡ, തീയതി. 27.12.2019
3. 26.03.2021 ലെ ഇതേ നമ്പർ നോട്ടീസ്

### ഉത്തരവ് നം. ഇ.എസ്2/576/2021/ആ.വ.ഡ/തീയതി : 20/04/2021

ആരോഗ്യ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരുടെ 31.12.2020 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീമതി. ജീന. എം, ജൂനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, തിരുവനന്തപുരം എന്നവർ സമർപ്പിച്ച അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം അയച്ചു തന്നിരുന്നു.

ശ്രീമതി. ജീന. എം, സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഹെഡ് ക്ലാർക്കുമാരുടെ 31.07.2018 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 12-ാം റാങ്കുകാരി ആയിരുന്നു. ഇ. ഡി1-09/2018/ആ.വ.ഡ, തീയതി. 20.08.2018 പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷൻ ലഭിക്കേണ്ടിയിരുന്നുവെങ്കിലും പ്രൊമോഷൻ ലഭിച്ചത് സൂചന 2 ഉത്തരവ് ഇ. ഡി1/09/2019/ആ.വ.ഡ പ്രകാരം 27.12.2019 ന മാത്രമാണ്. 09.01.2020 നാണ് ജൂനിയർ സൂപ്രണ്ട് ആയി ജോലിയിൽ പ്രവേശിച്ചത്.

31.12.2020 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ താത്ക്കാലിക സീനിയോറിറ്റി പട്ടിക ഉത്തരവ് നമ്പർ. ഇ. എസ്2-576/2021/ആ.വ.ഡ, തീയതി. 08.01.2021 പ്രകാരം പ്രസിദ്ധീകരിച്ച് അപ്പീൽ സമർപ്പിക്കുവാൻ സമയം അനുവദിച്ചിരുന്നുവെങ്കിലും ടിയാരി അപ്പീൽ നൽകിയിരുന്നില്ല. ആയതിനാൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച 31.12.2020 വരെയുള്ള ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ജീന. എം ഉൾപ്പെട്ടിരുന്നില്ല.

ഈ സാഹചര്യത്തിൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 31.12.2020 വരെയുള്ള കാലയളവിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ജീന. എം നെ 1 എന്ന താൽക്കാലിക സ്ഥാനം നൽകി സൂചന 3 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ 31.12.2020 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ ജൂനിയർ സൂപ്രണ്ടുമാരുടെ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. ജീന. എം ന് സൂചന 3 പ്രകാരം നൽകിയിരുന്ന 1 (ഒന്ന്) എന്ന താൽക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു

വിശദവിവരം Annexure – 1 ആയി ചുവടെ ചേർക്കുന്നു.

Annexure – 1

| Sl. No. | Name & PEN No. | Date of Birth | Date of entry in Service | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|
| 1 | ജീന. എം<br>391260 | 15.05.1966 | 15.10.1990 | -- | 1 | |
| 2 | ബിജ്ജ. കെ.<br>സാമുവൽ | 10.05.1969 | 11.07.1988 | 1 | 1 A | |

ഒപ്പ്/-

കുമാരി ബീന. വി. റ്റി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. ശ്രീമതി. ജീന. എം, ജൂനിയർ സൂപ്രണ്ട്
   ജില്ലാ മെഡിക്കൽ ഓഫീസ്, തിരുവനന്തപുരം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്